യോഹ. 21:15-19

**ഉയിർപ്പ് മൂന്നാം ഞായർ**

**2024 ഏപ്രിൽ 14**

**ഫാ. ജോസ് പാര്യത്തറ** വചനഭാഷ്യം

# പത്രോസ് - അജപാലകൻ

യോഹന്നാന്റെ സുവിശേഷത്തിൽ ഉയിർപ്പിനുശേഷം നാലു തവണയാണ് യേശു പ്രത്യക്ഷപ്പെടുന്നത്. (1) ഉയിർപ്പുഞായർ ഈശോ മഗ്ദലേന മറിയത്തിന് (2) ഉയിർപ്പുഞായർ വൈകിട്ട് ഈശോ തോമസ് ഒഴികെയുള്ള ശിഷ്യഗണത്തിന് (3) പിറ്റെ ഞായറിൽ തോമസ് അടക്കമുള്ള ശിഷ്യഗണത്തിന് പ്രത്യക്ഷനാകുന്നു. എന്നാൽ നാലാമത്തെ പ്രത്യക്ഷീകരണം സംഭവിക്കുന്നത് 21-ാം അധ്യായത്തിലാണ്. ഏഴു ശിഷ്യർ പത്രോസിനോടൊപ്പം തിബേരിയാസ് കടലിലേക്കു മീൻപിടിക്കാൻ പോകുന്നു. എന്നാൽ ആ രാത്രിയിൽ (യേശു സാന്നിധ്യമില്ലാത്ത കൂട്ടായ്മ) അവർക്ക് ഒന്നും കിട്ടിയില്ല (20:3). ഉഷസ്സായപ്പോൾ യേശു കടൽക്കരയിലേക്കു വരുന്നു: വലതുവശത്ത് വലയിടാനുള്ള നിർദേശം ലഭിക്കുന്നു. അത്ഭുതകരമായ ചാകര സംഭവിക്കുന്നു. യേശു ശിഷ്യരോടൊപ്പം പ്രാതൽ കഴിക്കുന്നു. അന്ത്യഅത്താഴത്തിൽ ചെയ്തതുപോലെ അപ്പമെടുത്ത് അവർക്ക് നല്കുന്നു. അതുപോലെ തന്നെ മത്സ്യവും (21:13). ഇന്നത്തെ സുവിശേഷത്തിന്റെ പശ്ചാത്തലമാണിത്.

യോഹന്നാന്റെ സുവിശേഷത്തിൽ പരമമായ സ്നേഹം ഇതൾ വിരിയുന്നത് - ജീവന്റെ അപ്പം, ജീവജലം, മുന്തിരിച്ചെടിയും ശാഖകളും, ഇടയനും ആടുകളും എന്നീ സദൃശ്യങ്ങളിലൂടെയാണ്. ഇന്നത്തെ സുവിശേഷത്തിൽ പത്രോസിന്റെ സ്നേഹപ്രഖ്യാപനമാണ്. യേശുവിന്റെ പീഡാനുഭവവേളയിൽ പത്രോസ് മൂന്നു പ്രാവശ്യം യേശുവിന്റെ മനുഷ്യത്വത്തെ തള്ളിപ്പറഞ്ഞു (18;17) പിതാവായ ദൈവം മനുഷ്യവർഗത്തോടുള്ള സ്നേഹത്തെ പ്രതി സ്വപുത്രനെ ലോകത്തിലേക്ക് അയച്ചു (3:16). പുത്രൻ തന്റെ കുരിശുമരണത്തിലൂടെ പിതാവായ ദൈവത്തോടും തന്നെ ഏല്പിച്ച മനുഷ്യവർഗത്തോടുമുള്ള സ്നേഹം പ്രകടമാക്കി. നമുക്കു സ്വജീവൻ നല്കാൻ തന്നെത്തന്നെ ഹോമബലിയായി സമർപ്പിച്ച നല്ല ഇടയനാണ് യേശു.

യേശു തന്റെ പീഡാനുഭവത്തിലൂടെ, കുരിശുമരണത്തിലൂടെ ഏറ്റവും ഉദാത്തമായ സ്നേഹം - ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ലെന്ന് ഉദ്ബോധിപ്പിച്ച യേശു (15:13) ആധികാരികമായി പത്രോസിനോടു മൂന്നു ചോദ്യങ്ങൾ ചോദിക്കുന്നു. കാരണം തനിക്കു ശഷം തന്റെ ഇടയദൗത്യം ലോകത്തിൽ തുടരേണ്ടതു പത്രോസാണ്.

ഗ്രീക്കു ഭാഷയിൽ സ്നേഹം എന്ന മലയാളപദത്തിനു നാലു വ്യത്യസ്തങ്ങളായ പദങ്ങളാണ് ഉപയോഗിക്കുന്നത്. i) Eros ii) Storgey iii) Phileo iv) Agapeo.

Eros എന്നതു കേവലം ശാരീരിക-ലൈംഗിക ആകർഷണങ്ങളെ ദ്യോതിപ്പിക്കുമ്പോൾ Storgey എന്ന പദം കുടുംബത്തിലെ മാതാപിതാക്കളും മക്കളും സഹോദരങ്ങളും ബന്ധുക്കളും തമ്മിലുള്ള സ്നേഹവാത്സല്യങ്ങളെയാണ് സൂചിപ്പിക്കുന്നത്.

Phileo വിവക്ഷിക്കുന്നത് ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയോടു തോന്നുന്ന സാധാരണമായ സൗഹൃദം വ്യക്തിപരമായ അടുപ്പം, സ്നേഹിക്കുന്ന വ്യക്തിയുടെ ഉയർച്ചയിലുള്ള സന്തോഷം ഇവയൊക്കെയാണെങ്കിൽ Agapeo വളരെ ഉന്നതമായ സ്നേഹഭാവത്തെയാണ് സൂചിപ്പിക്കുന്നത്. സ്വയം ത്യജിച്ചു മറ്റുള്ളവർക്കായി തന്നെത്തന്നെ നല്കാനുള്ള ഒരു വ്യക്തിയുടെ ആന്തരീകമായ തയ്യാറെടുപ്പിനെയാണ് Agapeo എന്ന പദം വിവക്ഷിക്കുന്നത്.

ഇന്നത്തെ സുവിശേഷത്തിൽ പത്രോസിൽ നിന്നും യേശു ആവശ്യപ്പെടുന്നതു Agapeo – തന്നെത്തന്നെ ത്യജിച്ച് ഉടമയ്ക്കും ആടുകൾക്കുമായി സ്വന്തം ജീവൻ നല്കാൻ സന്നദ്ധനാണോ എന്നാണ്. എന്നാൽ സ്വന്തം ദൗർബല്യം മനസ്സിലാക്കുന്ന പത്രോസ് നിസ്സഹായനായി നല്കുന്ന മറുപടി Phileo ആണ്. തന്റെ ഗുരുവിനോളം താൻ വളർന്നിട്ടില്ല. ഇപ്പോൾ തനിക്ക് ഏതൊരു സാധാരണ മനുഷ്യനേയും പോലെ വ്യക്തിപരമായ അടുപ്പവും സൗഹൃദവും സാധ്യമാണ്. എന്നാൽ താൻ തന്റെ ഗുരുവിന്റെ Agapeo സ്നേഹത്തിന്റെ പാതയിൽ സഞ്ചരിക്കാൻ ആഗ്രഹിക്കുന്ന ശിശു മാത്രമാണെന്നു പത്രോസ് ഇവിടെ ഏറ്റു പറയുന്നു.

യേശുവിന്റെ മൂന്നു പ്രാവശ്യം ആവർത്തിക്കുന്ന ചോദ്യത്തിൽ നിന്നും മൂന്നു പ്രാവശ്യം യേശുവിനെ തള്ളി പറയുന്ന പത്രോസ് വികാരധീനനായി... അനുതാപ മൂറുന്ന ഹൃദയത്തോടെ പറയുന്നു... കർത്താവേ നീ എല്ലാം അറിയുന്നു... പത്രോസിന്റെ ഹൃദയത്തിലെ സ്നേഹത്തിന്റെ ആഴം മനസ്സിലാക്കുന്ന ദൈവം. തുടർന്നു യേശു പ്രവചിക്കുകയാണ് പത്രോസ് ഏതു വിധത്തിലായിരിക്കും തന്റെ ഗുരുവിനോടും ആടുകളോടുമുള്ള സ്നേഹം പ്രകടിപ്പിക്കുകയെന്ന്.

✦